**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1441** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ വിശദീകരിക്കാമോ; | (എ) | സ.ഉ.(സാധാ)നം.830/2022/GEDN തീയതി 14.02.2022 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഉപകരണങ്ങളും വാങ്ങുന്നതിനും വിന്യസിക്കുന്നതിനും മാർഗനിർദ്ദേശങ്ങളുടെ അനുബന്ധം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇൻഫർമേഷൻ കേരള മിഷൻ ഇതിലേക്ക് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ വിവരങ്ങൾ നൽകുമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് സ്പെസിഫിക്കേഷനുകൾ നൽകിയിട്ടില്ലെന്ന് ഇൻഫർമേഷൻ കേരള മിഷൻ അറിയിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന തരത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ചു വാങ്ങൽ നടത്തുന്നത് നിയമ വിധേയമാണോ എന്ന് വ്യക്തമാക്കുമോ ; | (സി) | ഇതുമായി ബന്ധപ്പെട്ട് സ്പെസിഫിക്കേഷനുകൾ നൽകിയിട്ടില്ലെന്ന് ഇൻഫർമേഷൻ കേരള മിഷൻ അറിയിച്ചിട്ടുണ്ട്. |
| (ഡി) | വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനെക്കാൾ ഉയർന്ന വിലയുള്ള സാധന സാമഗ്രികൾ ഇൻഫർമേഷൻ കേരള മിഷന്റെ നിർദ്ദേശാനുസരണം വാങ്ങിയത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപെട്ടിട്ടുണ്ടോ; | (ഡി) | ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിനോട് എന്തെങ്കിലും സ്പഷ്ടീകരണം ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഉണ്ടെങ്കിൽ എന്ത് സ്പഷ്ടീകരണമാണ് ആവശ്യപ്പെട്ടിട്ടുള്ളത് കത്തിന്റെ പകർപ്പ് നൽകുമോ; | (ഇ) | ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിനോട് എന്തെങ്കിലും സ്പഷ്ടീകരണം ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | തദ്ദേശ ഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടറൈസേഷന് സഹായിക്കുന്നതിനുള്ള ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ചു വാങ്ങൽ നടത്തിയത് ഓഡിറ്റ് വിഭാഗം | (എഫ്) | ഇത് സംബന്ധിച്ച പ്രശ്നങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | അംഗീകരിക്കാത്തത് മൂലം നിരവധി ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തത് പരിഹരിക്കുമോ; | | |
| (ജി) | സ്കൂളുകളിലേക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകൾക്ക് സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്ന ചുമതല ഇൻഫർമേഷൻ കേരള മിഷന് നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ? | (ജി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് - സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങളുടെ അനുബന്ധം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.830/2022/GEDN തീയതി,തിരുവനന്തപുരം, 14-02-2022

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 3847/2019/പൊ.വി.വ തീയതി 27.09.2019

2. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05.02.2022ലെ KITE/2022/1515-6(2) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 15 വ്യവസ്ഥകളും അനുബന്ധമായി ഉപകരണങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ നിലവിൽ സ്പെസിഫിക്കേഷൻ പുതുക്കേണ്ടതിനാലും, പ്രസ്തുത ഉപകരണങ്ങളുടെ ലഭ്യതയ്ക്ക് കമ്പോളത്തിൽ ദൗർലഭ്യമുള്ളതിനാലും ടി.എസ്.പി. ആയ കെൽട്രോൺ ഇവ പുതുക്കണമെന്ന് കൈറ്റിനോട് ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ നിയോഗിച്ച ഐ.ടി. സാങ്കേതിക സമിതി ഈ വിഷയം പരിശോധിക്കുകയും സ്പെസിഫിക്കേഷൻ നിശ്ചയിക്കുകയും തുടർന്ന് താല്ക്കാലിക ക്രമീകരണം എന്ന നിലയിൽ കെൽട്രോണിനോട് ഇ-ടെണ്ടർ നടത്തി പുതിയ നിരക്ക് കണ്ടെത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. കെൽട്രോൺ ഇ-ടെണ്ടർ നടത്തി സമർപ്പിച്ച നിരക്ക് 05.02.2022-ന് ചേർന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതി അംഗീകരിച്ചതനുസരിച്ച് പരാമർശം (1) ഉത്തരവിലെ അനുബന്ധം പുതുക്കാൻ കൈറ്റ് സി.ഇ.ഒ. പരാമർശം (2) പ്രകാരം കത്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ, എം.പി/എം.എൽ.എ/തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ടോ ഉപയോഗിച്ചുള്ള വാങ്ങലുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും ആയത് വിന്യസിക്കുന്നതിനും പരാമർശം (1) സർക്കാർ ഉത്തരവിലെ 15 വ്യവസ്ഥകളും അതേപടി നിലനിർത്തി അനുബന്ധം മാത്രം ഭേദഗതി ചെയ്ത് പുതുക്കി ഉത്തരവാകുന്നു.

പുതുക്കിയ അനുബന്ധം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
പ്രിൻസിപ്പൽ സെക്രട്ടറി

ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടേയും, പ്രതിപക്ഷനേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ എം.പി.മാർക്കും, എം.എൽ.എ.മാർക്കും
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഡയറക്ടർമാർക്കും
(കൈറ്റ്, എസ്.എസ്.കെ., എസ്.സി.ഇ.ആർ.ടി., എസ്.ഐ.ഇ.ടി., സീമാറ്റ്,
കെ.എസ്.എം.എൽ.എ., കെ.എസ്.എം.എസ്.കെ.)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഐ.ടി. വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, വ്യവസായ വകുപ്പ്
സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ട്രഷറി ഓഫീസർമാർക്കും
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം. (വെബ്സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sindhu S**
**Date: 15-02-2022 10:16:04**
സെക്ഷൻ ഓഫീസർ

പകർപ്പ് : പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ. ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്
പൊതുവിദ്യാഭ്യാസ (എസ്.സി.) വകുപ്പ്
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

അനുബന്ധം

| Si No | Item | Minimum Specification | Rate (Inclusive of tax) in Rs. |
|---|---|---|---|
| 1 | Laptop | **Laptop Computer**<br>Processor: Intel Core i3 1115G4<br>Memory: 4 GB DDR4 RAM Expandable up to at least 8 GB<br>Hard Disk: 512 GB SSD or Higher<br>Display: Antiglare HD LED Backlit Display<br>Display Size: 14"<br>Wireless connectivity: Integrated wireless b/g/n<br>Integrated Bluetooth<br>Speaker: Integrated Stereo Speaker<br>Keyboard: Keyboard with Touch Pad<br>Camera: Integrated HD Camera<br>Audio: Integrated<br>Expansion Port: 3 USB Port (at least two number of USB 3.0 and One number of Type C) ,10/100/1000 Ethernet Card, HDMI, 1Head phone/microphone combo or Separate & other Standard features<br>Power Supply: 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Polymer battery/ Li- Ion Polymer battery<br>Mouse: Optical Scroll mouse<br>Carry case: Backpack<br>Weight: Less than or equal to 1.8 Kg<br>Certification: ROHS Compliance & BIS for Product<br>Operating System: KITE_GNU_Linux 20.04<br>**Warranty: 5-year comprehensive onsite warranty including battery and charger** | **43,981** |
| 2 | Projector | **Multimedia Projector**<br>Native Resolution XGA (1024x768)<br>Brightness 3600 ANSI Lumens<br>Aspect Ratio 4:3 and 16:9 compatible<br>Input: 1 x HDMI, 1x VGA,<br>Contrast Ratio: 15000:1<br>Accessories HDMI Cable (1.5 Metre), Remote control with battery<br>Certifications: The product should have BIS certification<br>**Warranty: 5 Years Comprehensive on Site Including Lamp** | **31,248** |
| 3 | Speaker | **USB Speaker**<br>2.0 Multimedia Stereo Speaker;<br>USB Powered;<br>Hardwired 3.5 mm connection (for audio).;<br>Mesh in front to safeguard speaker diaphragm.;<br>Frequency Response - 180Hz - 18kHz;<br>Output RMS Power Minimum 2.5W + 2.5W;S/N Ratio - >= 65dB;<br>**Warranty: 5 years carry in** | **867** |

| | | | |
|---|---|---|---|
| 4 | Projector Screen | **Wall type pull down projection screen (6ft x 4ft) -** In a rugged case with manual pull-down, spring-loaded mechanism for slow retraction, wrinkle free high-definition white anti-glare matte finish fabric screen with back protection for light penetration, viewing angle minimum 160 deg wide (+/- 80 deg left and right) Durable Octagonal shaped housing with power coated finish, with all necessary mounting hardware for wall mounting. Screen Size - 6 ft x 4 ft; Weight maximum - 8 Kg; **Warranty:5 years onsite comprehensive** | **2,600** |
| 5 | Projector Ceiling Mount Kit - Supply & Installation | **Projector Ceiling Mount Kit – Supply & Installation:** Projector Ceiling Mount including mounting hardware and accessories, 3ft (1.5ft length extendable up to 3 ft), Universal type compatible with all projector brands & models, Pole Material - Aluminum, mounting Bracket & Legs made of Cold roll steel powder coated- white, capable of fixing on all type of Roofing; **Warranty: 5 years onsite comprehensive**<br><br>**HDMI Cable (10 mtr) P/N:** 1.4 V high speed HDMI cable with 24K Gold plated connectors that must be corrosion resistant, HDMI male to male connectors, non-slip and non-screw connectors, should be able to withstand minimum pull force, Conductors 28 AWG copper wire, PVC Jacket, shielding level triple and shielding type Aluminum-Mylar, Dust cap on both ends, supports 1080P video resolution, supports 10.2GB bandwidth and ROHS compliance; **Warranty: 5 years onsite comprehensive**<br><br>**Wall Face Plate for HDMI (Metal Passive Wall plate):** Fitted with HDMI female to female coupler HDMI connectors are to be gold plated and with ROHS compliance. Back box suitable for the above made of ABS plastic with mounting screws. Colour: White/Ivory, Wall mounting type.; **Warranty: 5 years onsite comprehensive**<br><br>**Power cabling for Projector 15M -** Around 15 mtrs of Cable and 5A plug top; **Warranty: 5 years onsite comprehensive**<br><br>**Installation using Cap & Casing:** Supplying of PVC Casing and Cap having BIS approved ( IS14927 Part II) for the required length of power cable / data cable except the free length at connecting ends, Installation of ceiling mount unit of projector as per the location for required image size specified by the end user / screen size, Installation of projector with proper connections, Laying of casing cap with proper screws, fixtures tags etc. properly and neatly as per the site requirements, Fixing of HDMI Face plate with back box, Termination of face plate and back box, etc. | **6,200** |

Sd/-
Section Officer

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പ്രോജക്ട് - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും പുതുക്കിയ മാർഗനിർദ്ദേശങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.3847/2019/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 27.09.2019

പരാമർശം:-
1. സ.ഉ.(സാധാ) നം. 2777/2016/പൊ.വി.വ തീയതി 26.08.2016
2. സ.ഉ.(സാധാ) നം. 97/2018/പൊ.വി.വ തീയതി 06.01.2018
3. 10.12.2018 ലെ CPMU-1/156/2018-PLGEA നം. സർക്കുലർ
4. സ.ഉ.(സാധാ) നം.2278/2019/പൊ.വി.വ തീയതി 12.06.2019
5. സ.ഉ.(സാധാ) നം.1327/2019/ഉ.വി.വ തീയതി 30.07.2019
6. കൈറ്റ് വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.08.2019 ലെ കൈറ്റ്/2019/1515-6 (6) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും, കൈറ്റിന്റെ (ഐടി@സ്കൂൾ) മേൽനോട്ടത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു.

സംസ്ഥാനത്ത് ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടത്തിയ ദേശീയ ടെണ്ടറിൽ ലഭിച്ച വില വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ഐടി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) പ്രകാരം എം.പി.എൽ.എ.ഡി സ്കീമുകൾക്കും ഈ മാനദണ്ഡങ്ങൾ ബാധകമാക്കിയിട്ടുണ്ട്. പരാമർശം (4) പ്രകാരം ലാപ്ടോപ്പുകളുടെ വില പുതുക്കി നിശ്ചയിച്ചിരുന്നു.

പരാമർശം (5) പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഐടി ഉപകരണങ്ങൾ വാങ്ങുന്നതിനും അഞ്ചു വർഷ വാറണ്ടി ഉൾപ്പെടെയുള്ള കൈറ്റിന്റെ സ്പെസിഫിക്കേഷൻ ബാധകമാക്കിയിരുന്നു.

നടപ്പ് വർഷം ഹൈടെക് ലാബ് പദ്ധതിയിലേക്ക് നടത്തിയ ദേശീയ ടെണ്ടറിൽ ലഭിച്ച വില വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന മാർഗനിർദ്ദേശങ്ങൾ 24.08.2019-ന് കൂടിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക സമിതി അംഗീകരിച്ചതായി കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതോടൊപ്പം പ്രസ്തുത മാർഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പരിഷ്കരിക്കണമെന്നും പരാമർശം (6) ലെ കത്ത് മുഖാന്തിരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ, എം.പി/എം.എൽ.എ/തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും, ഒറ്റപ്പെട്ട വാങ്ങലുകൾക്കും ആയത് വിന്യസിക്കുന്നതിനും പരാമർശം (2), (4) പ്രകാരം പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു:

1) ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 42" ടെലിവിഷൻ എന്നിവ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ അനുബന്ധം ആയി നൽകിയ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ആയിരിക്കണം വാങ്ങേണ്ടത്.
2) സർക്കാർ സ്ഥാപനങ്ങളും പ്രോജക്ടുകളും നേരിട്ടും, എം.എൽ.എ/എം.പി/തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചും നടപ്പാക്കുന്ന ഒറ്റപ്പെട്ട വാങ്ങലുകൾക്കും ഈ വ്യവസ്ഥകൾ ബാധകമായിരിക്കും.
3) സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൽകുന്ന എല്ലാ ഐടി ഉപകരണങ്ങൾക്കും അഞ്ച് വർഷം വാറണ്ടി ഉറപ്പാക്കണം. അനുബന്ധമായി നൽകിയ മാർഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള തുകയ്ക്ക് ഉപരിയായി ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേക ചാർജ്ജുകൾ ഈടാക്കാൻ പാടില്ല.
4) ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ്ടോപ്, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എന്നിവയാണ്. മാർഗനിർദേശങ്ങളിൽ പരാമർശിക്കാത്ത ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് ടി.വി. പോലുള്ളവ അവയുടെ ഉപയോഗം കാര്യക്ഷമമല്ല എന്ന് കണ്ടതിനാൽ സ്കൂളുകളിൽ വിന്യസിക്കേണ്ടതില്ല.
5) സ്കൂളുകളിൽ ഡെസ്ക്ടോപ്പ്, 600 VA യു.പി.എസ് എന്നിവ വിന്യസിക്കേണ്ടതില്ല. പോർട്ടബിലിറ്റി, പവർ ബാക്ക്അപ്, വൈദ്യുതി ഉപയോഗം തുടങ്ങിയവ പരിഗണിച്ച് പകരം ലാപ്ടോപ് കമ്പ്യൂട്ടറുകളാണ് വിന്യസിക്കേണ്ടത്. മാർഗനിർദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും മൊത്തം പ്രോജക്ട് തുക 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചു വാങ്ങാവുന്നതാണ്.
6) വിതരണക്കാർ, പ്രഥമാധ്യാപകനും ഐടി കോ-ഓർഡിനേറ്റർക്കും ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണ്. എല്ലാ ഐ.ടി. ഉപകരണങ്ങളിന്മേലും ഇൻസ്റ്റലേഷൻ തീയതി, വാറന്റി പിരീഡ്, സർവീസ് നടത്തേണ്ട സ്ഥാപനം/വ്യക്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം ഉപകരണങ്ങൾ ലഭ്യമാക്കിയ പദ്ധതി, വർഷം, ധനസ്രോതസ് എന്നീ വിവരങ്ങളും സ്കൂളുകളിൽ ഉണ്ടായിരിക്കേണ്ടതാണ്.
7) ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾസെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്.
8) ഹാർഡ്‌വെയർ പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും, പരമാവധി അഞ്ച് പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ (നൂറ് രൂപ മാത്രം) നിരക്കിൽ പിഴ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ) ഈടാക്കേണ്ടതാണ്.
9) മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്റ്റ് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോൺ വഴി വാങ്ങാവുന്നതാണ്. ഈ സന്ദർഭങ്ങളിൽ കൈറ്റും സി.പി.ആർ.സി.എസും ഹാർഡ്‌വെയർ വാങ്ങുമ്പോൾ അവലംബിക്കുന്ന ഫീൽഡ്

പരിശോധനാ സമ്പ്രദായം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റിന് അനുസൃതമായി പേമെന്റ് നൽകുന്ന) അനുവർത്തിക്കാവുന്നതാണ്. ഇത്തരം ഘട്ടത്തിൽ ഗുണമേന്മാ പരിശോധന കേന്ദ്രീകൃതമായി കെൽട്രോൺ ഉറപ്പുവരുത്തേണ്ടതും ഉപകരണങ്ങൾ അതത് സ്കൂളുകളിൽ വിന്യസിക്കുകയും ചെയ്യേണ്ടതാണ്. പിന്നീട് പ്രത്യേക സാങ്കേതിക പരിശോധന ഈ സന്ദർഭത്തിൽ ആവശ്യമില്ല. പ്രത്യേക വ്യവസ്ഥയിൽ ബൾക്ക് പർച്ചേസിലൂടെ ലഭിച്ച വിലയായതിനാൽ നിർവഹണ ഏജൻസികൾ ഇൻസ്റ്റലേഷന് ശേഷം പരമാവധി രണ്ട് മാസത്തിനകം പേയ്മെന്റ് ഉറപ്പാക്കേണ്ടതാണ്.

10) എസ്.സി.ഇ.ആർ.ടിയും കൈറ്റും സംയുക്തമായി അംഗീകരിച്ചശേഷം മാത്രമേ സ്കൂളുകളിലേക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാദമിക് കണ്ടന്റ് ലഭ്യമാക്കാവൂ. പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകൾ ഉള്ളതും ആയ സോഫ്റ്റ്‌വെയറുകൾ സ്കൂളുകളിൽ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ല.

11) ഈ മാർഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത ഐ.ടി. പ്രൊപ്പോസലുകൾ സ്കൂളുകളിലും സ്ഥാപനങ്ങളിലും നടപ്പാക്കാനായി പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ (ടി.എസ്.പി കൾ) സർക്കാർ ഫണ്ട് പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കായി (എം.പി./എം.എൽ.എ./തദ്ദേശഭരണ സ്ഥാപനങ്ങൾ) പരിഗണിക്കുവാൻ പാടുള്ളതല്ല.

12) ഈ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വിവിധ സ്കീമുകൾക്ക് സമർപ്പിക്കുന്ന ഐ.ടി. പ്രൊപ്പോസലുകൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ വേറെ സാങ്കേതിക അനുമതി ആവശ്യമില്ല.

13) ഇതേ വ്യവസ്ഥകൾ (മിനിമം സ്പെസിഫിക്കേഷൻ, പരമാവധി വില, വില്പനാനന്തര സേവന വ്യവസ്ഥകൾ) പാലിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഐടി വകുപ്പ് വഴി നടപ്പാക്കുന്ന സി.പി.ആർ.സി.എസ് (cprcs.kerala.gov.in) വഴിയും അനുവദനീയമായ ഉപകരണങ്ങൾ (ഉദാ: മൾട്ടിഫംഗ്ഷൻ പ്രിന്റർ) വിവിധ സ്കീമുകൾ വഴി സ്കൂളുകളിലേക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വാങ്ങാവുന്നതാണ്.

14) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കൂളുകളിലേയും സ്ഥാപനങ്ങളുടെയും ഐടി ഉപകരണങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോക് രജിസ്റ്റർ കൈറ്റ് തയ്യാറാക്കേണ്ടതും ഇതിൽ എല്ലാ സ്ഥാപനങ്ങളും വിവരങ്ങൾ ലഭ്യമാക്കുന്നു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്. ഉപകരണങ്ങളുടെ തൽസ്ഥിതി അറിയാനും തുടർനടപടികൾക്കുമായി ഓരോ വർഷവും പ്രത്യേക ഐടി ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് കൈറ്റ് നടത്തേണ്ടതും വിവരങ്ങൾ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

15) സ്കൂളുകൾക്കായി പുറപ്പെടുവിച്ചിട്ടുള്ള സൈബർ സേഫ്റ്റി പ്രോട്ടോക്കോൾ കൃത്യമായി പാലിക്കേണ്ടതാണ്. കുട്ടികളുടെ സ്വകാര്യ വിവരങ്ങൾ പങ്കുവെക്കുന്ന തരത്തിലും മറ്റും സ്വകാര്യ സെർവറുകളിൽ ഹോസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടത്താൻ പാടില്ല. പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചതല്ലാത്ത ഇ-ഗവേർണൻസ് ആപ്ലിക്കേഷനുകൾ, സവിശേഷ ഐടി പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകുപ്പിന്റെ പ്രത്യേകാനുമതി വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**

**അഡീഷണൽ സെക്രട്ടറി**

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം

**GOVERNMENT OF KERALA**

**Abstract**

General Education Department - ICT Labs and Smart Classrooms – Designating State Nodal Officer for Kerala - Orders issued.

**GENERAL EDUCATION (D)DEPARTMENT**

G.O.(Rt)No.7622/2022/GEDN Dated,Thiruvananthapuram, 03-12-2022

Read 1 D.O Letter from Government of India .No.F.19-21/2022-IS-6 dated 25.10.2022

2 Letter No.KITE/2022/1225(1) dated 24.11.22 from the Chief Executive Officer of Kerala Infrastructure and Technology for Education (KITE)

**ORDER**

As per letter read as 1st paper above Government of India have informed that financial assistance will be provided for establishing ICT Lab and Smart Class Rooms in Government and Government Aided Schools across the Country .For this purpose the non-recurring /recurring grant under ICT and "Digital Initatives " is available to the States.As per this following two options are available for the states for financial Assistance.

**a.Option.1.**Under this option Schools which have not availed the ICT facility earlier can either opt for ICT or Smart Class Room as per their requirement and need.In case of more than 700 enrollment an additional ICT Lab can also be considered

**b.Option.2.**Under this option Schools which have already availed the ICT facility earlier can avail Smart Class Room as per the norms of the Scheme

Financial provision of the Scheme is as follows

**ICT Lab**;A non -recurring grant of up to Rs.6.40 lakh per School and recurring grant up to Rs.2.40 lakh per School per annum for a period of 5 years

**Smart Class Rooms ;**The non -recurring grant for Smart Class Rooms (2 smart class room per school) is Rs.2.40 lakh and recurring grant is Rs.0.38 lakh

For implementing the ICT Lab /Smart Class Room Project in the State a Senior Officer need to be designated as ICT Nodal Officer.

2.As per letter read as 2nd paper above the Cheif Executive Officer,Kerala Infrastructure and Technology for Education (KITE) has informed that Kerala Infrastructure and Technology for Education

(KITE) was the implementing agency for the Centrally Sponsored ICT@School Schemes during 2007-12.Since Kerala Infrastructure and Technology for Education (KITE) is the competent agency to implement IT related projects in Schools in Kerala ,ICT @ school project also needs to be entrusted to the KITE for successful implementation.

3.In this Circumstance Sri.K.Anwar Sadath ,Cheif Executive Officer,Kerala Infrastructure and Technology for Education (KITE) (e-mail: contact@kite.kerala.gov.in) is designated as the Nodal Officer for the smooth and successful implementation of ICT @School Schemes in schools in Kerala. He shall prepare detailed scheme and to submit to Government of India for approval and to get funds for the project.

Director, Samagra Shiksha Kerala shall give necessary support and assistance to the Nodal Officer for successfully implementation of the scheme.

(By order of the Governor)
A P M MOHAMMED HANISH
PRINCIPAL SECRETARY

To

1.Sri.Santhosh Kumar Yadav IAS, Additional Secretary,Ministry of Education,Department of School Education and Literacy ,Sasthri Bhavan,New Delhi-110115 (yadavsk.up@nic.in)

2..The Director ,Government of India,Ministry of Education,Department of School Education and Literacy ,Shasthri Bhavan,New Delhi-110115
3. The Director of General of Education, Thiruvananthapuram
4. Sri.K.Anvar Sadath ,Cheif Executive Officer,Kerala Infrastructure and Technology for Education (KITE),Poojappura.P.O,Thiruvananthapuram - 695012(e-mail: contact@kite.kerala.gov.in)
5.The State Project Director, Samagra Shiksha Kerala, Thiruvananthapuram
6. The Director, SCERT, Thiruvananthapuram
7.Principal Accountant General, (Audit), Thiruvananthapuram
8. Accountant General (A&E), Thiruvananthapuram
9. Stock File/Office Copy

Forwarded /By order

Section Officer
Signed by: Sindhu S
Date: 03-12-2022 15:31:49